(ബി) പരാതി സംബന്ധിച്ച അന്വേഷണ റിപ്പോർട്ടിന്മേൽ ജില്ലാ കളക്ടർ 18-7-2014-ന് വിചാരണ നിശ്ചയിച്ചിട്ടുണ്ട്.

(സി) വിചാരണയ്ക്കുശേഷം നടപടി സ്വീകരിക്കുന്നതാണ്.

കോഴിക്കോട് താലൂക്കിലെ വില്ലേജുകളിൽ ഭൂമി വില നിശ്ചയിക്കാത്തത് സംബന്ധിച്ച്

165 (7134) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് താലൂക്കിൽ ചില വില്ലേജുകളിൽ ഭൂമിവില നിശ്ചയിക്കാത്തതുകാരണം ഭൂമി കൈമാറ്റത്തിന് തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഏതെല്ലാം വില്ലേജുകളിലാണ് ഭൂമിക്ക് വില നിശ്ചയിക്കാത്തതെന്ന് വിശദമാക്കുമോ ;

(സി) എന്തുകൊണ്ടാണ് ഭൂമിക്ക് ഇതുവരെ വില നിശ്ചയിക്കാത്തതെന്ന് വിശദമാക്കുമോ ;

(ഡി) ഭൂമിവില നിശ്ചയിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കോഴിക്കോട് താലൂക്കിൽ കാച്ചേരി, കസബ നഗരം, വളയനാട്, കോട്ടൂളി, പന്നിയങ്കര, ബേപ്പൂർ, ഫറോക്ക്, രാമനാട്ടുകര, പന്തീരാങ്കാവ്, ഒളവണ്ണ, മാവൂർ, ചേവായൂർ, ഏലത്തൂർ, കല്ലുണ്ടി എന്നീ വില്ലേജുകളിൽ ചില സർവ്വെ നമ്പരുകളിൽ ന്യായവില നിശ്ചയിക്കാൻ വിട്ടുപോയിട്ടുള്ളതാണ്

(സി & ഡി) ചില വില്ലേജുകളിൽ വില സബ്ഡിവിഷൻ നമ്പറുകൾക്ക് ന്യായവില നിശ്ചയിക്കുന്നതിൽനിന്നും വിട്ടുപോയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആയതിന് ന്യായവില നിശ്ചയിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിച്ചുവരുന്നു.

റിവർ മാനേജ്മെന്റ് ഫണ്ട്

166 (7135) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റിവർ മാനേജ്മെന്റ് ഫണ്ടിൽ 31-3-2014-ലെ കണക്ക് പ്രകാരം എത്ര തുകയാണുള്ളത് ;

(ബി) 1-7-2011 മുതൽ 31-3-2014 വരെയുള്ള കാലയളവിൽ ആർ.എം.എഫ്.ലേക്ക് ഓരോ ജില്ലയിൽനിന്നും അടച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) നദിയും നദീതീരങ്ങളും സംരക്ഷിക്കുന്നതിനായി ഈ തുക ഉപയോഗിച്ച് എത്ര പ്രോജക്ടുകൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പിലാക്കി ; ഓരോന്നിന്റെയും വിശദാംശം നൽകാമോ ;

(ഡി) ഭാരതപ്പുഴയെ സംരക്ഷിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് നാളിതുവരെ സ്വീകരിച്ചത് ; വിശദാംശം നൽകാമോ ;

(ഇ) ഭാരതപ്പുഴയുടെ സംരക്ഷണത്തിനായി നിശ്ചയിക്കപ്പെട്ട മാസ്റ്റർ പ്ലാനിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ ; അതിനെതൽ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; വിശദാംശം നൽകാമോ ?

ഉത്തരം

(എ - ഇ) വിവരം ശേഖരിച്ചുവരുന്നു.

മലപ്പുറം ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗം

167 (7136) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ കഴിഞ്ഞ രണ്ടുവർഷം എത്ര രൂപ ലഭിച്ചുവെന്നും ഇത് ഓരോ പഞ്ചായത്തിൽനിന്നും എത്ര രൂപ ലഭിച്ചു എന്നും വ്യക്തമാക്കാമോ ;

(ബി) റിവർ മാനേജ്മെന്റ് വിനിയോഗിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കുന്നതിനും അനുമതി നൽകുന്നതിനും ഇപ്പോഴത്തെ നടപടിക്രമങ്ങൾ വിശദമാക്കുമോ ;

(സി) ഈ കാലയളവിൽ ഈ ഫണ്ടിൽനിന്ന് ഏതെല്ലാം പദ്ധതികൾക്ക് തുക അനുവദിച്ചു എന്ന് പഞ്ചായത്ത് തലത്തിൽ വിശദമാക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ജില്ലാ വിദഗ്ധ സമിതി അംഗീകരിച്ച് സംസ്ഥാന ഉന്നതതല സമിതി ശുപാർശ ചെയ്യുന്ന പ്രവൃത്തികൾക്ക് സർക്കാർ ഭരണാനുമതി നൽകി വരുന്നു.

(സി) പുഴക്കാട്ടിരി, വഴിക്കടവ്, പാണ്ടിക്കാട്, ഒതുക്കുങ്ങൽ, എടക്കര, പോത്തുകൽ, തിരുനാവായ പഞ്ചയാത്തുകൾക്ക് 3.87 കോടി രൂപയ്ക്കുള്ള പ്രവൃത്തികൾക്ക് സർക്കാർ ഭരണാനുമതിയായിട്ടുണ്ട്. ടി പ്രവൃത്തികൾ നടന്നു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly